"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ആലപ്പുഴ ജില്ല-പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് 2302 ഗുണഭോക്താക്കൾക്ക് വിതരണത്തിനാവശ്യമായി വരുന്ന തുകയായ 6,66,65,500/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(സാധാ) നം.671/2026/RD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.1/2025/DMD തീയതി 09.01.2025 .
2. ആലപ്പുഴ ജില്ലാ കളക്ടറുടെ 11.11.2025,11.03.2026 എന്നീ തിയ്യതികളിലെ DCALP/6706/2025-N1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുണ്ടായ നാശ നഷ്ടത്തിന്റെ തോതിന് ആനുപാതികമായി 01.04.2022 തിയ്യതി മുതൽ മുൻകാല പ്രാബല്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിഹിതം അനുവദിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോതിന് ആനുപാതികമായി 01.04.2022 തിയ്യതി മുതൽ മുൻകാല പ്രാബല്യത്തിൽ 2302 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി CMDRF-വിഹിതമായി 6,66,65,500/-രൂപ ആവശ്യമുണ്ടെന്നും ടി തുക അനുവദിച്ച് നല്കണമെന്നുമാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം പ്രൊപോസൽ സമർപ്പിച്ചിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ പ്രകൃതി ദുരന്തത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന് 2302 ഗുണഭോക്താക്കൾക്ക് വിതരണത്തിനാവശ്യമായി വരുന്ന തുകയായ **6,66,65,500/-(ആറ് കോടി അറുപത്തി ആറ് ലക്ഷത്തി അറുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3.വിതരണത്തിനാവശ്യമായി വരുന്ന തുകയായ **6,66,65,500/-(ആറ് കോടി അറുപത്തി ആറ് ലക്ഷത്തി അറുപത്തി അയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷ്ണർ ലാൻഡ് റവന്യൂ ,തിരുവനതപുരം.
ജില്ലാ കളക്ടർ,ആലപ്പുഴ.
ധനകാര്യ വകുപ്പ്  അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ,ആലപ്പുഴ (ട്രഷറി ഡയറക്ടർ,തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 14-03-2026 19:06:01
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
റവന്യൂ (ഡി.ആർ.എഫ്.എ, ബി) വകുപ്പുകൾക്ക്.